കേരള സർക്കാർ

നമ്പർ.56711/ഡിഡി2/2013/തസ്വഭവ

തസ്വഭവ (ഡിഡി) വകുപ്പ്,
തിരുവനന്തപുരം,
തീയതി: 09.12.2013

# സർക്കുലർ

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് - മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി - പാലക്കാട് അട്ടപ്പാടി ബ്ലോക്കിൽ മേറ്റ്മാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡം ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച്.

സൂചന: 1. 23.05.2012 ലെ 23804/ഡിഡി2/12/തസ്വഭവ നമ്പർ സർക്കുലർ.
2. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 31.08.2013 ലെ 1909/ഇ.ജി.എസ്.എ./13/ആർ.ഇ.ജി.എസ്. നമ്പർ കത്ത്.

ഒരു വാർഡിൽ മുൻവർഷം ഏറ്റവും കൂടുതൽ ദിവസം തൊഴിലുറപ്പ് പദ്ധതിയിൽ പ്രവൃത്തിയെടുത്ത കുടുംബത്തിലെ അംഗങ്ങളിൽ നിന്ന് 10-ാം ക്ലാസ്സ് വരെയുള്ള വിദ്യാഭ്യാസ യോഗ്യതയെങ്കിലും ഉള്ള വനിതകളെ മേറ്റുമാരായി നിയമിക്കുന്നതിന് സൂചന(1)പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ അട്ടപ്പാടി ബ്ലോക്കിലെ ഗ്രാമപഞ്ചായത്തുകളിൽ പ്രത്യേകിച്ചും പട്ടികവർഗ്ഗ കുടുംബങ്ങളിൽ 10-ാം ക്ലാസ്സ് വരെ വിദ്യാഭ്യാസ യോഗ്യതയുള്ളവരുടെ അപര്യാപ്തത നിമിത്തം പദ്ധതി പ്രവർത്തനത്തിന്റെ മേൽനോട്ടം നിർവ്വഹിക്കാനുള്ള മേറ്റുമാരെ കണ്ടെത്തി നിയമിക്കാൻ പ്രയാസമുള്ളതിനാൽ സൂചന(1)സർക്കുലറിലെ 2-ാമത്തെ ക്രമനമ്പരായി ചേർത്തിട്ടുള്ള "ഒരു വാർഡിൽ മുൻവർഷം ഏറ്റവും കൂടുതൽ ദിവസം തൊഴിലുറപ്പ് പദ്ധതിയിൽ പ്രവൃത്തിയെടുത്ത കുടുംബത്തിലെ/ കുടുംബങ്ങളിലെ അംഗങ്ങളിൽ നിന്ന് 10-ാം ക്ലാസ് വരെയുള്ള വിദ്യാഭ്യാസയോഗ്യതയെങ്കിലും ഉള്ള വനിതകളെ ആയിരിക്കണം മേറ്റായി നിർദ്ദേശിക്കേണ്ടത്" എന്ന നിർദ്ദേശത്തോടൊപ്പം "പട്ടികവർഗ്ഗ കുടുംബങ്ങളിൽ നിന്നും 10-ാം ക്ലാസ്സ് വരെ വിദ്യാഭ്യാസ യോഗ്യതയുള്ളവരുടെ അഭാവത്തിൽ

എഴുത്തും വായനയും അറിയാവുന്ന സ്ത്രീ തൊഴിലാളികളെ മേറ്റായി തെരഞ്ഞെടുക്കാവുന്നതാണ്" എന്ന കാര്യം കൂടി കൂട്ടിച്ചേർത്ത് നിർദ്ദേശം പുറപ്പെടുവിക്കുന്നു.

ജെയിംസ് വർഗീസ് ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി, തിരുവനന്തപുരം.
3. എക്സ്ക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
4. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
5. ജില്ലാകളക്ടർ/ജില്ലാ പ്രോഗ്രാം കോർഡിനേറ്റർമാർ
6. ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ, പാലക്കാട്.
7. സെക്രട്ടറി/പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത്, അട്ടപ്പാടി.
8. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ